


# കൂട്ടക്കൊലയാളിയുടെ പാളയത്തിലെ പട

**സി.എൻ.എൻ,** ഐ.ബി.എൻ സംപ്രേഷണം ചെയ്യുന്ന കരൺ ഥാപ്പറുടെ 'ഡെവിൾസ് അഡ്വക്കറ്റ്' എന്ന അഭിമുഖ പരിപാടിയിൽ 'കൂട്ടക്കൊലയാളിയായ മുഖ്യമന്ത്രി എന്ന പ്രതിഛായ മാറുന്നതിന് ഗുജറാത്ത് കലാപത്തിലുണ്ടായ കൊലപാതകങ്ങളിൽ താങ്കൾക്ക് ഖേദം പ്രകടിപ്പിച്ചുകൂടേ?' എന്ന ചോദ്യത്തിൽ കുപിതനായി ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡി ചാനൽ അഭിമുഖം പാതിവഴിക്ക് ബഹിഷ്കരിച്ചെന്ന് വാർത്ത.

ബാബരിമസ്ജിദ് ധ്വംസനത്തിനു ശേഷം, ലോക രാഷ്ട്രങ്ങൾക്ക് മുമ്പിൽ ഇന്ത്യയെ ഒരിക്കൽകൂടി നാണം കെടുത്തുകയും 'താൻ ഇനി മറ്റു രാഷ്ട്രങ്ങളുടെ മുഖത്ത് എങ്ങനെ നോക്കും' എന്ന് മുൻ പ്രധാനമന്ത്രി വാജ്പേയിയെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്ത അതിക്രൂരമായ ആ നരഹത്യയിൽ ഒരിക്കൽ പോലും ഖേദം പ്രകടിപ്പിക്കാൻ സന്നദ്ധനാവാത്ത ഒരാളാണ് ഇന്നും ഗുജറാത്തിന്റെ മുഖ്യമന്ത്രി കസേരയിൽ വാണരുളുന്നത്!

ഗുജറാത്ത് കൂട്ടക്കൊല 'ഉയിർത്തെഴുന്നേൽക്കുന്ന ഹിന്ദുസമൂഹത്തിന്റെ പ്രകടനമാ'ണെന്ന് പറഞ്ഞ വി.എച്ച്.പി പ്രമുഖൻ അശോക് സിംഗാളിന്റെ സഹയാത്രികനായ മോഡിക്ക് ഖേദപ്രകടനത്തെക്കുറിച്ച പരാമർശം പോലും അരോചകമായില്ലെങ്കിലേ അത്ഭുതമുള്ളൂ. ഹിന്ദുത്വവാദികളൊഴിച്ച് രാജ്യം മുഴുവൻ ഏകകണ്ഠമായി അപലപിച്ച ഗുജറാത്ത് കൂട്ടക്കൊലയുടെ മുഖ്യകാർമികനായ മോഡിയെ രണ്ടോ മൂന്നോ പേർ മാത്രമേ കൂട്ടക്കൊലയാളിയെന്ന് വിളിച്ചിട്ടുള്ളൂവെന്നാണ് ടിയാന്റെ കൃത്യമായ കണക്ക്! എന്നാൽ ഗുജറാത്തിൽ മുസ്ലിംകളെ അറുകൊല ചെയ്തതിലൂടെ ഹിന്ദുക്കൾക്ക് വളരെ മോശമായ പ്രതിഛായയാണ് ഉണ്ടായതെന്നായിരുന്നു ദൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ, അഹ്മദാബാദ് നഗരങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 736 ഹിന്ദുക്കളിൽ, 2002 ജൂണിൽ 'സെന്റർ ഫോർ കാസ്റ്റിംഗ് ആന്റ് റിസർച്ച്' *ഔട്ട്ലുക്ക്* വാരികക്കു വേണ്ടി നടത്തിയ സർവേ റിപ്പോർട്ട് വ്യക്തമാക്കിയത്.

'നിസ്സഹായരായ കുട്ടികളും നിരപരാധികളായ സ്ത്രീകളും കത്തിക്കരിഞ്ഞപ്പോൾ, പുറംതിരിഞ്ഞുനിന്ന അഭിനവ നീറോയാണ് നരേന്ദ്ര മോഡി'യെന്ന് 2004 ഏപ്രിലിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് വെട്ടിത്തുറന്നു പറഞ്ഞത് മറക്കാനാവുമോ? 2004 ആഗസ്റ്റിൽ ആകെയുള്ള 4600-ൽ 2100 കേസുകളിൽ പുനരന്വേഷണത്തിന് ഉത്തരവിട്ട കോടതി നടപടി മോഡിയുടെ ഗുജറാത്തിൽ നീതി നടന്നില്ലെന്നതിന്റെ അനിഷേധ്യമായ തെളിവല്ലെങ്കിൽ മറ്റെന്താണ്?

നിരപരാധികളും നിസ്സഹായരുമായ ഒരു സമൂഹത്തിനു നേരെ ചരിത്രത്തിൽ തുല്യതയില്ലാത്ത കൊടുംക്രൂരത അഴിച്ചുവിട്ടതിന്റെ സ്വാഭാവിക ഫലമെന്നോണം, മോഡിക്കെതിരെ സ്വന്തം പാളയത്തിൽനിന്നുതന്നെ കലാപക്കൊടി ഉയർന്നുവരുന്നത് നാം കാണുന്നു. മുൻ മുഖ്യമന്ത്രിമാരായ കേശുഭായ് പട്ടേലും സുരേഷ് മേത്തയും നരേന്ദ്ര മോഡിയെയും ബി.ജെ.പി കേന്ദ്ര നേതൃത്വത്തെയും പരസ്യമായി വെല്ലുവിളിച്ചിരിക്കുന്നു. മോഡിയെ മാറ്റാത്തപക്ഷം കോൺഗ്രസ്സുമായി ചേർന്ന് നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാനാണ് അവരുടെ പ്ലാൻ. വിശ്വഹിന്ദുപരിഷത്ത് നരേന്ദ്ര മോഡിയെ പരസ്യമായി എതിർക്കുന്നു. പ്രവീൺ തൊഗാഡിയയുടെ തട്ടകമായി അറിയപ്പെടുന്ന ഗുജറാത്തിൽ ഈ എതിർപ്പിന് ഏറെ പ്രത്യാഘാതം സൃഷ്ടിക്കാൻ കഴിയും. ആർ.എസ്.എസ്സും മുമ്പത്തെ പോലെ മോഡിക്കൊപ്പമില്ല. നേരത്തേ മോഡിക്കൊപ്പം നിന്നിരുന്ന തൊഗാഡിയ ഇന്ന് കടുത്ത ശത്രുവാണ്. ആർ.എസ്.എസ് സംസ്ഥാന നേതൃത്വവുമായി മോഡി സുഖത്തിലല്ല. ആർ.എസ്.എസ് പിന്തുണയുടെ അഭാവത്തിൽ മോഡിയുടെ തിരിച്ചുവരവ് അസാധ്യാവും എന്നാണ് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്.

ഗുജറാത്ത് കലാപത്തിലും കൊലപാതകങ്ങളിലും പങ്കെടുത്തവരുമായി നടത്തിയ ഒളികാമറാ അഭിമുഖത്തിലൂടെ *തെഹൽക* പുറത്തുവിട്ട വിവരങ്ങൾ മനസ്സാക്ഷിയുള്ളവരെയാകെ ഞെട്ടിക്കുന്നതാണ്. നാട് ഭരിക്കുന്ന ഒരു മുഖ്യമന്ത്രി, വ്യത്യസ്തമായ മതവീക്ഷണം പുലർത്തുന്നുവെന്ന ഏക കാരണത്താൽ മൂന്ന് ദിവസങ്ങൾക്കുള്ളിൽ നിരപരാധികളും നിസ്സഹായരുമായ ഒരു ജനവിഭാഗത്തെ എന്തും ചെയ്യാനുള്ള അനുവാദം ആക്രമണകാരികൾക്ക് നൽകുകയും കൃത്യനിർവഹണത്തിന് പ്രതികൾക്ക് നിയമസഹായമടക്കം സകല സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും പോലീസും ഉദ്യോഗസ്ഥരും കൂട്ടക്കൊലക്ക് കൂട്ടുനിൽക്കുകയും ചെയ്തുവെന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ് തെഹൽക പുറത്തുകൊണ്ടുവന്നത്.

ഗുജറാത്ത് നരഹത്യയെക്കുറിച്ച് ഇ

# കാറ്ററിംഗ് കല്യാണം

**വിവാഹം** എന്ന പാവന ചടങ്ങ് പോലും നാം ഉപഭോഗസംസ്കാരത്തിന് അടിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വിവാഹത്തലേന്ന് നടക്കുന്ന 'ബീഫ് കല്യാണ'മടക്കം ഇപ്പോൾ കാറ്ററിംഗ് കല്യാണങ്ങളായി മാറിയിരിക്കുന്നു. കല്യാണത്തിന് ക്ഷണിച്ച വരനോ ഗൃഹനാഥനോ ഗെയിറ്റിൽ ഒരു 'എയർ ഇന്ത്യാ' പുഞ്ചിരിയുമായി സ്വാഗതം ചെയ്യുമെന്നതൊഴിച്ചാൽ മറ്റെല്ലാം യാന്ത്രിക ചടങ്ങുകളാണ്. അപരിചിതമായ കാറ്ററിംഗ് സേവകരുടെ മുമ്പിൽ ഹോട്ടലിൽ പോയിരിക്കുന്ന പോലെ ചെന്നിരിക്കണം. അവരുടെ ധൃതിപിടിച്ച ചലനങ്ങളാണ് ഭക്ഷണഹാൾ നിയന്ത്രിക്കുന്നത്.

വിവാഹത്തിന്റെ മുഖ്യ ചടങ്ങായ നികാഹിന് പരിമിതമായ ആളുകളെ ബാക്കി കാണു. 'ബാറകല്ലാഹു ലകുമാ..' എന്ന് പറഞ്ഞ് നവദമ്പതികളെ അനുഗ്രഹിക്കേണ്ടവരും ആശിർവദിക്കേണ്ടവരും നേരത്തേ സ്ഥലം വിടുന്നു. തെക്കൻ കേരളത്തിൽ ഇപ്പോഴും നികാഹ് കഴിയാതെ ഭക്ഷണം കൊടുക്കാറില്ല. ഈ സമ്പ്രദായം മലബാറിലും നടപ്പാക്കുകയാണെങ്കിൽ വിവാഹചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാനും നവദമ്പതികളെ പരിചയപ്പെടാനും അവരെ നേരിട്ടനുമോദിക്കാനും കഴിയുമായിരുന്നു. തൊട്ടതിനൊക്കെ പുത്തൻ രീതികൾ അനുകരിക്കാൻ ശ്രമിക്കുമ്പോൾ പരസ്പര സ്നേഹവും ബന്ധങ്ങളും ശിഥിലമാവുമെന്നോർക്കുക.

**സി.പി.എം ബാവ**
**താനൂർ**

തിനു മുമ്പ് പുറത്തുവന്ന വിവരങ്ങളും മുഖ്യമന്ത്രിയുടെ മുഖ്യപങ്ക് വ്യക്തമാക്കുന്നതു തന്നെയായിരുന്നു. മോഡി അധികാരത്തിൽ വാഴുന്ന കാലത്തോളം ഗുജറാത്തിലെ ജനങ്ങൾക്ക് നീതി ലഭിക്കില്ലെന്ന് എൻ.ഡി.എയിലെ ചില മുഖ്യകക്ഷികൾ തന്നെ തുറന്നടിച്ചിട്ടുണ്ട്. കലാപം സംബന്ധിച്ചുള്ള കേസുകൾ ഗുജറാത്ത് സർക്കാർ കൈകാര്യം ചെയ്ത രീതിയെ നീതിപീഠങ്ങൾ തന്നെ പലവട്ടം നിശിതമായി വിമർശിച്ചിരുന്നു.

ജാതി, മത പരിഗണനകൾ കൂടാതെ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യസ്ഥമായ ഒരു ഭരണകൂടം സമൂഹത്തെ വർഗീയമായി ഭിന്നിപ്പിക്കുന്നതിനും ഒരു പ്രത്യേക വിഭാഗത്തെ സകലവിധത്തിലും ദ്രോഹിക്കുന്നതിനും പ്രേരണ നൽകുമ്പോൾ അത് മതേതര ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും അപായകരമായ മരണമണിയാണ് മുഴക്കുന്നത്. രാജ്യത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും തകർക്കുന്ന വലിയ സാമൂഹിക ദുരന്തമാണിത്.

**മധുരക്കുഴി**

# ഇസ്‌ലാമിസമോ?

**സാംസ്കാരിക** ഇസ്‌ലാം, രാഷ്ട്രീയ ഇസ്‌ലാം എന്നീ പദപ്രയോഗങ്ങളെ സാമ്രാജ്യത്വനിർമിതി എന്ന് കണ്ട് അവജ്ഞയോടെ അകറ്റിനിർത്തുന്നവരാണ് നാം. അങ്ങനെയെങ്കിൽ, ഇസ്‌ലാമിന്റെ സാമൂഹിക, രാഷ്ട്രീയ ഇടപെടലുകളെ ഇസ്‌ലാമിസം എന്നും അതിന്റെ വക്താവിനെ ഇസ്‌ലാമിസ്റ്റ് എന്നും വിളിക്കുമ്പോഴും നാം പ്രതിഷേധിക്കേണ്ടതല്ലേ? ഇസ്‌ലാമിസം, രാഷ്ട്രീയ ഇസ്‌ലാം പോലുള്ള പദപ്രയോഗങ്ങൾ തമ്മിൽ എന്തു വ്യത്യാസം? എല്ലാം സാമ്രാജ്യത്വം മുന്നോട്ടുവെച്ചത്.

മുഹമ്മദ് ശമീം തന്റെ ലേഖനത്തിൽ (ലക്കം 20) ഇസ്‌ലാമും ഇസ്‌ലാമിസവും രണ്ടല്ല എന്ന് സമർഥിക്കാനാണ് ശ്രമിച്ചത്. ബദൽ പദാവലി ആവശ്യമുണ്ടെങ്കിൽ അതേക്കുറിച്ചും ചിന്തിക്കണം.

**പി. ഹാഫിസ്**
**പാണ്ടികശാല, മമ്പാട്**

# മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാൻ

**മുസ്‌ലിം** സാമുദായിക സംഘടനകളെ ആക്ഷേപിച്ചതുകൊണ്ടോ കുറ്റം പറഞ്ഞതുകൊണ്ടോ സമുദായത്തിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കാൻ പോകുന്നില്ല. ഇത് മുസ്‌ലിം സമുദായത്തിലെ സംഘടനകളുടെ മാത്രം കുഴപ്പമല്ല. മറിച്ച് മുഴുവൻ മുസ്‌ലിംസമൂഹത്തിന്റേതുമാണ്. തങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരെ ചൊവ്വേ നടത്തിക്കൊണ്ടു പോകാൻ കഴിയില്ല എന്ന് സമുദായം അനുദിനം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. സമുദായത്തിന്റെ പേരിൽ ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിട്ടും പിന്നാക്കാവസ്ഥ തുടർന്നുപോരുന്നു.

ഈ സംഘടനകൾക്കെല്ലാം സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതി എന്നതിലപ്പുറം അഴിമതിയും കൈക്കൂലിയും ആണ് ലക്ഷ്യം എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ വഴിയില്ല. ഞാനും എന്റെ സഹോദരനും സഹോദരിയും മാന്യമായ നിലയിൽ ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കിയത് ക്രൈസ്തവ മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനത്തിൽനിന്നാണ്. ഈ കാലയളവിൽ യാതൊരു അധിക ഫീസോ സംഭാവനയോ കൈക്കൂലിയോ നൽകാതെയാണ് ഞങ്ങൾ വിദ്യാഭ്യാസം നേടിയത്. എനിക്കുറപ്പിച്ചു പറയാൻ കഴിയും, ഒരു ആവറേജ് പഠനക്കാരനായ എനിക്ക് ഇതേ നിലയിൽ മുസ്‌ലിം സമുദായ സ്ഥാപനങ്ങളിൽനിന്നും അധിക ഫീസോ സംഭാവനയോ കൈക്കൂലിയോ നൽകാതെ പഠിച്ചു പുറത്തുവരാൻ കഴിയുമായിരുന്നില്ല എന്ന്.

എങ്ങനെയാണ് ക്രൈസ്തവ സമൂഹം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നത്? ഏറ്റവും ലളിതമായ ഉത്തരം അതിന്റെ തലപ്പത്ത് മതമേലധ്യക്ഷന്മാരാണ്. അവരുടെ വാക്കുകളാണ് അവസാനവാക്ക്. അവിടെ വ്യക്തിയുടെയോ സമൂഹത്തിന്റെയോ സംഘടനകളുടെയോ സ്വാർഥ താൽപര്യങ്ങൾക്കുപരിയായി മത ധാർമിക താൽപര്യങ്ങൾ മുൻകൈ നേടുന്നു.

എന്നാൽ, മുസ്‌ലിം വിദ്യാഭ്യാസ സംഘടനകളിൽ മതപണ്ഡിതന്മാരുടെയോ മത സംഘടനകളുടെയോ യാതൊരു സ്വാധീനവുമില്ല. ഞങ്ങൾ സ്വതന്ത്രരായി നിൽക്കാൻ ആഗ്രഹിക്കുന്നു എന്നാണ് പറയുന്നത്. ഈ 'സ്വതന്ത്രത' പിശാചിന്റെ വണ്ടിയാണ്. അത് ഒരിക്കലും ലക്ഷ്യത്തിലെത്തിക്കില്ല. എത്ര പവിത്രമായ ലക്ഷ്യമായാലും അത് അഴിമതിയുടെയും കൈക്കൂലിയുടെയും ദിശയിലേക്ക് തിരിച്ചുവിടപ്പെടും. അതിനാൽ ഈ വണ്ടിയെ ഒന്നുകിൽ ഏതെങ്കിലും മതസംഘടനയുടെ വണ്ടിയിൽ കെട്ടുക. അല്ലെങ്കിൽ അതിലെ അംഗങ്ങൾ ഏതെങ്കിലും ഒരു മതസംഘടനയുടെ വണ്ടിയിൽ കയറുക. അല്ലാതെ അവരുദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്താൻ സാധിക്കില്ല.

മുസ്‌ലിം മാനേജ്മെന്റ് നടത്തുന്ന സ്ഥാപനങ്ങളെ നിർബന്ധമായും വഖ്ഫ് ബോർഡിൽ അഫിലിയേറ്റ് ചെയ്യിക്കണം. അവരുടെ കണക്കുകൾ വഖ്ഫ് ബോർഡ് പരിശോധിക്കണം. അതിന് തയാറാകാത്ത പക്ഷം മുസ്‌ലിം സമുദായത്തിന്റെ പേരിൽ വാങ്ങിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ തിരിച്ചുപിടിക്കണം. എന്നിട്ട് അത് വഖ്ഫ് ബോർഡിനെ ഏൽപിക്കണം. അതോടൊപ്പം കേരളത്തിലെ എല്ലാ വിഭാഗത്തിലും പെട്ട ഇസ്‌ലാമിക പണ്ഡിതന്മാരെയും വഖ്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്യിപ്പിക്കണം. ഇവരിൽനിന്നും കഴിവും യോഗ്യതയും തെളിയിക്കുന്ന പണ്ഡിതന്മാരെ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉന്നത സ്ഥാനങ്ങളിൽ അവരോധിക്കണം.

**പി.എ അബ്ദുൽ മനാഫ്**
**തൈക്കാട്ടുകര, ആലുവ**

## ▪ ചുരുക്കെഴുത്ത്

**മുസ്‌ലിം** ഐക്യം ആരായുന്നതിനും പൊതുവിഷയങ്ങളിൽ ഒന്നിക്കുന്നതിനും ഇക്കഴിഞ്ഞ റമദാനിൽ നടന്ന മുസ്‌ലിം നേതാക്കന്മാരുടെ ഇഫ്ത്വാർ സംഗമങ്ങളും മുസ്‌ലിം യുവജനസംഘടനകളുടെ നേതൃനിര കോഴിക്കോട് കടപ്പുറത്ത് ഒരുമിച്ചിരുന്നതും പ്രയോജനപ്പെട്ടെങ്കിൽ! ഐക്യബോധം തങ്ങളുടെ അണികളിലേക്ക് പകരാനും നേതാക്കൾ മനസ്സുവെക്കണം. അവർ സലാം പറയാതിതിരിക്കുന്നതിലും കലണ്ടർ നോക്കി പള്ളിയിൽ കയറുന്നതിലും പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ.

**കെ. മഅ്റൂഫ്**
**ഉളിയിൽ**

സകാത്ത് വിതരണത്തെക്കുറിച്ച് എസ്.വൈ.എസ് നേതാവ് *ചന്ദ്രിക*യിൽ എഴുതിയ ലേഖനം പുനഃപ്രസിദ്ധീകരിച്ചത് (ലക്കം 20) നന്നായി. മുസ്‌ലിം സമൂഹം മൊത്തത്തിൽ സകാത്തിന്റെ ശരിയായ വിതരണ രീതി അംഗീകരിക്കുകയാണെങ്കിൽ സമൂഹത്തിലെ ദാരിദ്ര്യം ഇല്ലാതാക്കാൻ അത് സഹായകമാവും. എന്നാൽ, 'ഞങ്ങളിത് ആദ്യമേ പറഞ്ഞതല്ലേ' എന്ന മട്ടിലാവരുത് ഉൽപതിഷ്ണു സംഘടനകളുടെ പ്രതികരണം. അത് അനാവശ്യവാശി ക്ഷണിച്ചുവരുത്തലാകും.

**യഹ്‌യ**
**മേലാറ്റൂർ**